പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 967

02.12.2015 -ലെ മറുപടിയ്ക്ക്

## അടഞ്ഞു കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര തേയില തോട്ടങ്ങൾ ഉണ്ട്; അവയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര; | (എ) സംസ്ഥാനത്ത് 179 തേയിലത്തോട്ടങ്ങൾ ഉണ്ട്. 175 തേയിലത്തോട്ടങ്ങൾ പ്രവർത്തിക്കുന്നു. |
| (ബി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെല്ലാം കൂടി ഉണ്ടായിരുന്ന തോട്ടം തൊഴിലാളികൾ എത്രയായിരുന്നു; | (ബി) 861 പേർ |
| (സി) അടഞ്ഞു കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) ബോണക്കാട് എസ്റ്റേറ്റ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) ന്റെ നേതൃത്വത്തിൽ വിവിധ ചർച്ചകൾ നടത്തുകയും ചർച്ചയിൽ മാനേജ്മെന്റും ബന്ധപ്പെട്ട തൊഴിലാളി യൂണിയനുകളും വിവിധ വ്യവസ്ഥകൾ പരസ്പരം അംഗീകരിച്ച് ഒത്തുതീർപ്പാക്കിയിട്ടുള്ളതാണ്. ടി തർക്ക വിഷയത്തിന്മേൽ 19.11.2012 മുതൽ 10.10.2014 വരെയുള്ള കാലയളവിൽ ആകെ 16 അനുരഞ്ജന ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടി വിഷയം ഒത്തുതീർപ്പായത്. എന്നാൽ 05.03.2015-മുതൽ തോട്ടം വീണ്ടും അടഞ്ഞു കിടക്കുന്നുണ്ട്. കൂടാതെ, ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 07.07.2015 തീയതി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനും ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനും നേരിട്ട് ടി തോട്ടം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>എം.എം.ജെ പ്ലാന്റേഷന്റെ കീഴിലുള്ള ബോണാമി, കോട്ടമല എന്നീ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി 19.06.2014, 16.07.2014, 19.11.2014, 30.11.2014, 01.12.2014, 08.12.2014, 18.12.2014 എന്നീ തീയതികളിൽ അഡീഷണൽ ലേബർ |

കമ്മീഷണർ (ഐ.ആർ) ന്റെ നേതൃത്വത്തിൽ ലേബർ കമ്മീഷണറേറ്റിൽ വെച്ച് അനുരഞ്ജന ചർച്ചകൾ നടന്നിരുന്നു. തുടർന്ന് 30.09.2015-ൽ ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അനുരഞ്ജന ചർച്ച ക്രമീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ചർച്ച നടത്താനായില്ല.

| | |
|---|---|
| (ഡി) കമ്പനികൾ പ്രവർത്തനം നിർത്തിവച്ച ഏതെങ്കിലും തോട്ടം ഏറ്റെടുത്ത് - പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

Sreedas

സെക്ഷൻ ഓഫീസർ